**വിവരാവകാശം / മറുപടി**

നമ്പർ: D1-14343/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 29.11.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ് (ഡി സെക്ഷൻ)
വികാസ്ഭവൻ, തിരുവനന്തപുരം.

Joy.S
Grace Bhavan
Malamary
Daivapura P.O
Peringammala
Thiruvananthapuram -695563.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന: 30.10.2018ലെ താങ്കളുടെ അപേക്ഷ.

വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ നൽകിയ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം നം.1: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക ഗ്രാമസഭ കൂടണമെന്ന് നിയമമുണ്ടോ? ഉണ്ടെങ്കിൽ വർഷത്തിൽ എത്ര പ്രാവശ്യം? (ഉത്തരവിന്റെ കോപ്പി)

മറുപടി: ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ വർഷത്തിൽ ഒരു തവണ പ്രത്യേകം യോഗം ചേരണമെന്ന് നിർബന്ധ വ്യവസ്ഥയാണ്.

ചോദ്യം നം.2: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൊത്ത വാർഷിക പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം ഭിന്നശേഷിക്കാർക്ക് വേണ്ടി മാറ്റ വെയ്ക്കണം?

മറുപടി: ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ

5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണം.

ചോദ്യം നം.3: മേൽ ചോദിച്ചിട്ടുളള ചോദ്യങ്ങളുടെ ഉത്തരം നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ ആർക്കാണ് പരാതി കൊടുക്കേണ്ടത്?

മറുപടി: ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്കോ പഞ്ചായത്ത് ഡയറക്ടർക്കോ പരാതി നൽകാവുന്നതാണ്.

താങ്കൾ ആവശ്യപ്പെട്ട ഉത്തരവ് സ.ഉ(കൈ) നം.11/2018 ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി: 29.01.2018 പ്രകാരം നവ കേരളത്തിന് ജനകീയാസൂത്രണം എന്ന പേരിലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത മാർഗ്ഗരേഖയിലെ 1, 2 പേജുകളിൽ ഉത്തരവും 20, 21, 50 എന്നീ പേജുകളിൽ പ്രസ്തുത വിഷയവും ഉൾപ്പെട്ടിട്ടുണ്ട്. പകർപ്പിന് (2 രൂപ) നിരക്കിൽ 10 രൂപ 0070-60-118-99-Receipt-RTI എന്ന ശീർഷകത്തിൽ ഒടുക്കി ചലാൻ ഹാജരാക്കുന്നമുറയ്ക്ക് ടി കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നാണ്.

www.kila.ac.in എന്ന വെബ്സൈറ്റിൽ നിന്നും മാർഗ്ഗരേഖ ലഭ്യമാണ്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18